റിട്ടയർ ചെയ്ത അദ്ധ്യാപകന്റെ പി.എഫ്. മടക്കിക്കൊടുക്കാനുള്ള കാലതാമസം

482 [524] ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ നിന്നും പെൻഷൻ പറ്റുന്ന ജീവനക്കാർക്ക് എത്ര മാസത്തിനുള്ളിൽ പി.എഫ്. തുക മടക്കി കൊടുക്കണമെന്നാണു നിലവിലുള്ള നിർദ്ദേശം;

(ബി) എറണാകുളം ജില്ലയിലെ ആലുവാ വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട വടക്കൻ പറവൂർ ട്രഷറിയുടെ പരിധിയിൽ വരുന്ന ചാത്തേടം സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ ഒരു അദ്ധ്യാപകനായ ശ്രീ. ടി.എൻ. വിശ്വനാഥൻ റിട്ടയർ ചെയ്ത് ഒന്നരവർഷം കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ പി.എഫ്. തുക മടക്കികൊടുത്തിട്ടില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്താണു കാലതാമസത്തിനു കാരണം;

(ഡി) അദ്ദേഹത്തിന്റെ പി.എഫ്. തുക ഉടനെത്തന്നെ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും തന്നെയില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ലായിരുന്നു.

(സി) ശ്രീ. ടി.എൻ. വിശ്വനാഥന്റെ കെ.എ.എസ്. ഇ.പി.എഫ്. അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുവേണ്ടിയുള്ള അപേക്ഷ 1985 മേയ് 9-ാം തീയതി വിദ്യാഭ്യാസ ഡയറക്ടർക്കു കിട്ടുകയും 85 സെപ്റ്റംബർ 22-ാം തീയതി ക്ലോസ് ചെയ്യുകയും 5969 രൂപയ്ക്കുള്ള ഓതറൈസേഷൻ സ്ലിപ്പ് വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിൽ നിന്നും ടി സ്കൂൾ ഹെഡ്മാസ്റ്റർക്കും വടക്കൻ പറവൂർ സബ് ട്രഷറി ഓഫീസർക്കും 1985 ഒക്ടോബർ 9-ാം തീയതി അയച്ചിട്ടുള്ളതുമാകുന്നു. എന്നാൽ ടി ഓതറൈസേഷൻ സ്ലിപ്പ് ഹെഡ്മാസ്റ്റർ ട്രഷറിയിൽ നിന്നും പണം വാങ്ങാതെയും കാരണം കാണിക്കാതെയും കാലാവധി കഴിഞ്ഞശേഷം 1986 ജനുവരി 20-ാം തീയതി ഡയറക്ടർക്കു തിരിച്ചയച്ചു. ടി ഓതറൈസേഷൻ സ്ലിപ്പു നാളിതുവരെ വടക്കൻ പറവൂർ സബ് ട്രഷറിയിൽ നിന്നും കിട്ടിയിട്ടില്ല. ട്രഷറി കോപ്പി കിട്ടുന്നതിനുവേണ്ടി വിദ്യാഭ്യാസ ഡയറക്ടർ കത്തയക്കുകയും ഓർമ്മക്കുറിപ്പുകൾ അയക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ട്രഷറിയിൽ നിന്നുള്ള ഓതറൈസേഷൻ കോപ്പി ലഭിക്കുന്നതിനും തുക നൽകുന്നതിനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

സർവ്വകലാശാലകളുടെ അംഗീകാരം പിൻവലിക്കാൻ നടപടി

483 [525] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

യു.ജി.സി. യിൽ സർവ്വകലാശാലകളുടെ അംഗീകാരം പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly